MR. K. P. NILAKANTA PILLAI : I do not move the motion in my name.

MR. PRESIDENT : I invite Honourable Mr. A. Thanu Pillai to move the next motion.

FORMATION OF THE DRAFTING COMMITTEE.

HONOURABLE MR. A. THANU PILLAI : I move the following.

A committe consisting of the following persons be constituted to prepare and submit to this House, within three months, the draft of a constitution for the State on the lines of the general principles that may be adopted by the House from time to time on the recommendations made by the Committee or otherwise :

Mr. A. Thanu Pillai
Mr. T. M. Varughese
Mr. G. Ramachandran
Mr. V. O. Markos
Mr. A. P. Udayabhanu
Mr. A. Nesamony, and
Mr. T. A. Abdulla.

MR. A. ATCHUTHAN : I second it.

HONOURABLE MR. A. THANU PILLAI : ഈ പേരുപറഞ്ഞ ആളുകൾ ഉൾപ്പെട്ട ഒരു കമ്മിറ്റി നിയമിക്കണമെന്നാണ് ഉപക്ഷേപം. അതിന്റെ ഉദ്ദേശം മൂന്നു മാസത്തിനകം തിരുവിതാംകൂറിന് ഒരു ഭരണഘടനയുടെ ഒരു നക്കൽ തയ്യാറാക്കി ഈ സഭയിൽ സമർപ്പിക്കുകയാണ്. അങ്ങനെ തയ്യാറാക്കുന്നതിന്റെ പശ്ചാത്തലത്തെ സംബന്ധിച്ച് ഈ സഭയുടെ മുമ്പാകെ ഈ കമ്മിറ്റിക്ക് ശുപാർശ ചെയ്യാവുന്നതും അവയെ അടിസ്ഥാനമാക്കിയും മറ്റു പ്രകാരത്തിലും ഈ സഭചെയ്യുന്ന തീരുമാനങ്ങളെ അടിസ്ഥാനമാക്കി ഒരു റിപ്പോർട്ട് സമർപ്പിക്കാവുന്നതുമാണ്. അതാണ് ഈ പ്രമേയം. ഇതിന്റെ ഉദ്ദേശം നാം കാൺസ്റ്റിറ്റ്യൂഷൻ ഉണ്ടാക്കുന്നതു് കഴിയുന്നതും വേഗത്തിൽ ആയിരിക്കണമെന്നുള്ളതാണ്. വളരെ കാര്യങ്ങളും നമ്മുടെ നക്കൽ ഭരണഘടനയിൽ ഉണ്ടായിരിക്കുന്നതാണ്. മഹാരാജാവുതിരുമനസ്സിലെ വിളംബരം അനുസരിച്ച് നാം പുതിയ ഭരണഘടന സംബന്ധമായ നിർദ്ദേശങ്ങൾ നൽകാനുള്ളതാണ് ആ നിർദ്ദേശങ്ങൾ ഈ സഭ അവസാനമായി തീരുമാനം ചെയ്യുന്നതിനു മുൻപുതന്നെ ഒരു നക്കൽ ഈ സഭ മുൻപാകെവന്നിട്ട് ഈ സഭ അതിനെ ഗാഢമായി പര്യാലോചിച്ച് അതിനെ അവസാനരൂപത്തിൽ സ്വീകരിക്കുന്നതാണ്. അങ്ങനെ ഒരു നക്കൽഭരണഘടന എഴുതുകയാണ് ഈ കമ്മിറ്റിയുടെ ജോലി. വളരെ പ്രധാനമായ കാര്യങ്ങൾ ഈ ഭരണഘടനയുടെ അടിസ്ഥാനത്തിൽ ഉൾക്കൊള്ളുന്നതായി വരാം.

LIBRARY ARCHIVES Kerala Legislative Assembly

[Hon' ble Mr. A. Thanu Pillai]

ഈ പ്രധാനതത്ത്വങ്ങളെ സംബന്ധിച്ച് ഈ കമ്മിറ്റി എന്താണ് വേണ്ടതെന്ന് ഇതിൽ പറഞ്ഞിട്ടുണ്ട്. ഭരണഘടനയിൽ പല വ്യവസ്ഥകളും വേണമെന്ന് എല്ലാപേക്കും അറിയാം. സാധാരണയായി ഉത്തരവാദഭരണത്തിനടിസ്ഥാനമായ ഭരണഘടനയിൽ എന്തെല്ലാമുണ്ടായിരിക്കണമെന്ന് എല്ലാവക്കുമെങ്കിലും എന്തു വ്യവസ്ഥയാണ് നമ്മുടെ ഭരണഘടനയിൽ വേണ്ടതെന്ന് ഈ സഭ തീരുമാനിക്കേണ്ടതാണ്. അങ്ങനെ തീരുമാനിക്കുന്നതിന് പ്രധാനമായ തത്ത്വങ്ങളെ സംബന്ധിച്ച വേണ്ട അഭിപ്രായങ്ങളും ഈ സഭ മുമ്പാകെ ഈ കമ്മിറ്റി അവതരിപ്പിക്കുന്നതാണ്. നമുക്ക് ഒരു ഭരണസമിതി വേണം. അതിന് ഒരു സഭ മതി. പക്ഷേ അതുതന്നെ ഒരു സഭയായിട്ടു മതിയോ അതോ മുമ്പുണ്ടായിരുന്നതുപോലെ രണ്ടുവേണമോ എന്നുള്ളതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. അതുപോലെതന്നെ ഒരു സഭയാണെങ്കിൽ അതിന്റെ ജോലികളും എന്തെല്ലാമാണ്. രണ്ടാണെങ്കിൽ അതിന്റെ ജോലികളും എന്തെല്ലാമാണ്. മെമ്പേഴ്സ് എത്രയാണ്, ഓരോന്നിലും മന്ത്രിസഭ എത്താണ്, മന്ത്രിസഭയ്ക്കും നിയമസഭയ്ക്കും തമ്മിലുള്ള വ്യവസ്ഥകളും എന്തെല്ലാമാണ്, ഇതൊക്കെ തീരുമാനിക്കണം. പിന്നീട് ഫണ്ടമെന്റൽ റൈറ്റ്സ് അല്ലെങ്കിൽ മൗലികാവകാശം മുതലായവയ്ക്കാവശ്യമുള്ള നിയമങ്ങളും മറ്റും ആലോചിച്ച് വേണ്ട നിർദ്ദേശങ്ങളും നൽകണം. ഇതിന്റെയൊക്കെ അവസാനതീരുമാനം ഈ സമിതിയുടെ ചെയ്യാം. അങ്ങനെ തീരുമാനിക്കുന്നതിന് ഒരു നക്കൽ ഭരണഘടനയിൽ ഉൾക്കൊള്ളണം. ഇതു തയ്യാറാക്കുന്നതിനുമാത്രമേ കമ്മിറ്റി ഉണ്ടാക്കിയിട്ടുള്ളു അതായതു്, ഈ കാര്യങ്ങളെപ്പറ്റി സഭക്കു ആലോചിക്കുവാൻ വേണ്ടിയുള്ള ഒരു നിർദ്ദേശരൂപത്തിലായിരിക്കും, കമ്മിറ്റി തയ്യാറാക്കുന്ന നക്കൽ. ഇങ്ങനെ ഒരു കമ്മിറ്റി ഒരു നക്കൽ തയ്യാറാക്കുകയാണെങ്കിൽ ജോലിക്കു താമസം നേരിടുകയില്ല. കമ്മിറ്റിയിൽ സ്റ്റേറ്റുകാൺഗ്രസിന് ഭൂരിപക്ഷമുണ്ടെങ്കിലും സ്റ്റേറ്റുകാൺഗ്രസ് കക്ഷിമാത്രമല്ല ഉള്ളതു്. വേണമെങ്കിൽ സ്റ്റേറ്റുകാണ്ഗ്രസ് കക്ഷിക്കുതന്നെ പ്രമേയരൂപത്തിൽ നിർദ്ദേശങ്ങളും അവതരിപ്പിക്കാം. മറ്റു കക്ഷികളുടെ ഭേദഗതികളും സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാം. എന്നാൽ അതല്ല ഉദ്ദേശിക്കുന്നതു്. കമ്മിറ്റിയിൽ അംഗങ്ങളും യോജിപ്പോട്ടുകൂടി നിർദ്ദേശങ്ങളും സമർപ്പിക്കാം. എല്ലാ കക്ഷിയിലുള്ള മെമ്പറന്മാരേയും കമ്മിറ്റിക്കു തെരഞ്ഞെടുത്തിട്ടുണ്ട്. കമ്മിറ്റിയുടെ ഘടന ഹൗസ് സ്വീകരിക്കണമെന്ന് ഞാൻ അപേക്ഷിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KUNJU : സ്റ്റേറ്റ് കോൺഗ്രസ് കക്ഷിയിൽ പെടാത്തവരെ കമ്മിറ്റിയിൽ തെരഞ്ഞെടുത്തിട്ടുള്ളതു് അവരോടു് ആലോചിച്ചിട്ടാണോ?

HON'BLE MR. A. THANU PILLAI : അല്ല.

MR. PANDAVATHU SANKARA PILLAI : അവർ ഒരുപക്ഷേ വിസമ്മതിക്കുന്നവെങ്കിലോ?

HON.'BLE MR. A. THANU PILLAI : എന്നു തോന്നുന്നില്ല.

മി: നേശമണി ഇപ്പോൾ പുറത്തുപോയ കക്ഷിയുടെ നേതാവാണു്. അദ്ദേഹത്തിനോടു് ഇതേപ്പറ്റി ചോദിച്ചു. പിന്നീടു മറുപടിപറയാമെന്നുപറഞ്ഞുവെന്നാണു് എന്റെ അറിവു്. എന്തായാലും അദ്ദേഹത്തിന്റെ സമ്മതം കിട്ടിയിട്ടുണ്ടെന്നു് പറയുവാൻ നിവൃത്തിയില്ല. കമ്മിറ്റിഅംഗങ്ങളും ഏഴായിരിക്കും.

MR. K. N. SANKUNNI PILLAI : ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണു്. അതിനെക്കുറിച്ചാലോചിക്കാൻ ഏഴുപേരുള്ള ഒരു കമ്മിറ്റി മതിയോ എന്നാണു് എന്റെ സംശയം. മറ്റു കമ്മിറ്റികൾക്കതന്നെ കുറഞ്ഞതു് ഏഴ അംഗങ്ങളുണ്ടു്.

HONOURABLE MR. A. THANU PILLAI : അംഗങ്ങൾ കൂടുന്നതുകൊണ്ടു് തീരുമാനത്തിനു് താമസമുണ്ടായേക്കും. ഇൻഡ്യാഗവണ്മെൻറിലും ഈ കക്ഷിയിൽ ഏഴുപേർ മാത്രമാണുള്ളതു്.

MR. MANNAR GOPALAN NAIR : വിളംബരമനുസരിച്ചു് ഇങ്ങനെ ഒരു പുതിയ നക്കൽ എഴുതിവിടാൻ ഈ സഭക്കു് അധികാരമുണ്ടോ?

HONOURABLE MR. A. THANU PILLAI : അതിനുമാത്രമേ അധികാരമുള്ളൂ. പ്രോക്ലമേഷനിൽ പറയുന്നതു് ഇങ്ങനെയാണു്.

"Whereas by our Proclamation dated the 19th Chingam 1123, a Representative Body has been constituted for considering and submitting to Us a draft for the revision or ... with a view to the establishment of responsible Government in the State."

നാം അവസാനമായ ഒരു തീരുമാനംചെയ്തു് ഒരു ഡ്രാഫ്റ്റു് എഴുതുകയാണു് സഭയുടെ ജോലി. അങ്ങനെ ഡ്രാഫ്റ്റുചെയ്യുന്നതിനു് ഉപകരണങ്ങളാണു് കമ്മിറ്റി നമുക്കു തയ്യാറാക്കിത്തരുന്നതു്. കമ്മിറ്റിയിൽ അഭിപ്രായം വളരെ കൂടുകയാണെങ്കിൽ ജോലിക്കു താമസം നേരിടും.

MR. K. R. ELANKATH : ഞാൻ ഇതിനെ അനുകൂലിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. P. C. ADICHAN (*Kunnathur II—Kurava Reserved*) : ഞാനും ഇതിനെ അനുകൂലിച്ചുകൊണ്ട് ഒരു വാക്കു പറഞ്ഞുകൊള്ളുന്നു. യാതൊരു വർഗ്ഗീയാധിഷ്ഠാനവുമില്ലാത്തതായ ഒരു കമ്മിറ്റിയെ തെരഞ്ഞെടുത്തതിൽ ഞാൻ അനുമോദിക്കുന്നു. എന്നാൽ ഒരു സംഗതി എനിക്ക് പറയുവാനുള്ളത് ഇതോടൊപ്പംതന്നെ പിന്നോക്കസമുദായക്കാർക്കുകൂടി കാര്യങ്ങളെല്ലാം മനസിലാക്കത്തക്കവിധത്തിൽ അവരേക്കൂടി പടിപടിയായി മുന്നോട്ടു കൊണ്ടുവരണമെന്ന് ഞാൻ അപേക്ഷിക്കുന്നു. നിയമജ്ഞന്മാരാണ് ഈ കമ്മിറ്റിയിൽ വേണ്ടതെന്നെനിക്കറിയാം. എന്നാൽ, അല്പാല്പമായി ഇതുപോലെയുള്ള കാര്യങ്ങളും, പിന്നോക്കസമുദായക്കാരേക്കൂടി പഠിപ്പിച്ച് മുമ്പോട്ടു കൊണ്ടുവരേണ്ടതാണ്. അത്രമാത്രമേ എനിക്കു പറയുവാനുള്ളൂ.

MR. A. RAMASUBRAMONIA KARAYALAR (*Shencotta—General*) : Sir, திருவிதாங்கூரில் முக்கியமாக இரண்டு பாஷைகள் (தமிழ், மலையாளம்) பேசக்கூடிய இரண்டு இனங்கள் இருக்கின்றார்கள். ஆதலால் பத்து லட்சத்திற்கு மேற்பட்ட தமிழர்களை ஒதுக்கிவைத்துவைத்து விட்டு ஒரு டிராப்ட் கமிட்டி தயாரித்த ஒரு நகல் அரசியல் திட்டத்தை இந்த சபை அங்கீகரிப்பது ஜனநாயகக் கொள்கைக்கு முற்றிலும் முறண்பட்டது என்று கூறவிரும்புகிறேன். திரு. நேசமணி அவர்கள் தென் திருவிதாங்கூர் தமிழர்களுக்கு பிரதிநிதித்துவம் வகிக்கக் கடியவர்கள். அவர் வெளியே இறங்கிவிட்டார். சமஸ்தான காங்கிரஸிலுள்ள தமிழர்களில் ஒருவராவது இந்த டிராப்ட் கமிட்டியில் கிடையாது. இப்படியிருக்கும் பொழுது தமிழர்களுக்காகப் பேசக் கூடிய ஒருவரும் இல்லாத டிராப்ட் கமிட்டிக்கு திருவிதாங்கூர் அரசியல் நகல் திட்டத்தைச் சமர்ப்பணஞ் செய்வது உசிதமா என்று கேட்கிறேன்.

எனவே தமிழர்களின் ஒத்துழைப்பும் அனுசரணையும் இல்லாத ஒரு அரசியல் நகல் திட்டத்தை தமிழர்கள் எப்படி ஒப்புக் கொள்ள முடியும்?

HONOURABLE MR. A. THANU PILLAI : മി. നേശമണി ഒരു തമിഴനാണ്. അദ്ദേഹം ഈ കമ്മറിയിലുണ്ട്. ഈ കമ്മറിയിൽ അദ്ദേഹം പങ്കെടുക്കുന്നില്ലെങ്കിൽ, മെംബർ പറഞ്ഞ കാര്യത്തെപ്പറ്റി ആലോചിക്കാം.

MR. PRESIDENT : ഈ ഉപക്ഷേപത്തെ സംബന്ധിച്ചു ആർക്കെങ്കിലും അഭിപ്രായം പറയാനുണ്ടെങ്കിൽ പറയാം.

MR. V. K. VARGHESE : മി. കെ. വി. ജോസഫിനെക്കൂടി ഈ ലിസ്റ്റിൽ ചേർക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

MR. MOHAMMED MUSTAFA : ഇതു ഏറ്റവും ഗൗരവമേറിയ ഒരു കാര്യമായതുകൊണ്ട് കൂടുതൽ ആളുകളെ ചേർക്കാതെ തന്നെ ഈ ലിസ്റ്റ് അംഗീകരിക്കണമെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

MR. P. K. KUNJU : ലിസ്റ്റിൽ മി. അബ്ദുള്ളായുടെ പേരു കാണുന്നു. ഇങ്ങനെയുള്ള ലിസ്റ്റുകൾ തയാറാക്കുമ്പോൾ മറ്റു പാർട്ടികളിൽ നിന്ന് കൂടി ആളുകളെ ചേർക്കണമെന്നു വിചാരിക്കുന്ന പക്ഷം ആ പാർട്ടിയുമായി ആലോചിച്ചു ചെയ്യണമെന്നപേക്ഷയുണ്ട്. വ്യക്തിപരമായ നിലയിൽ നോക്കുമ്പോൾ മി. അബ്ദുള്ളയെപറ്റി ഞങ്ങൾക്കാക്ഷേപമില്ല.

HONOURABLE MR. A. THANU PILLAI : ഒരംഗർ പറഞ്ഞ ആ അഭിപ്രായത്തെ ഞാൻ വളരെ ആദരിക്കുന്നു. മി. അബ്ദുള്ളയുടെ കാര്യത്തിൽ ഇവിടെ വന്ന് പാർട്ടിയുമായി ആലോചിക്കാമെന്ന് വിചാരിച്ചിരുന്നു. എന്നാൽ അതു സാധിച്ചില്ല.

MR. PRESIDENT : ഈ ഉപക്ഷേപം സഭ സ്വീകരിച്ചതായി കരുതുന്നു (സഭ അനുകൂലിച്ചു.)

MR. PRESIDENT : ഉപക്ഷേപം പാസ്സായിരിക്കുന്നു.

MR P. T. CHACKO : സർ, ഈ സഭയുടെ പര്യാലോചനയ്ക്കും അങ്ങയുടെ തീരുമാനത്തിനുമായി എനിക്കു ഈയവസരത്തിൽ ഒരു കാര്യം പറയുവാനുണ്ട്. ഇന്നത്തെ അജൻറായിൽ മൂന്നാമത്തെ ഐറ്റമായി "ഭരണഘടനയുടെ സാമാന്യ തത്വത്തെപ്പറ്റി ചർച്ചചെയ്യുക" എന്നു ഒരു യോഗം ഉണ്ട്. അതു സംബന്ധിച്ചു മി. കെ. പി. നീലകണ്ഠപ്പിള്ള ഈ സഭയിൽ ഒരു പ്രമേയം അവതരിപ്പിച്ചിട്ടുണ്ടായിരുന്നു. ആ പ്രമേയത്തെ അടിസ്ഥാനമാക്കി പലരും ഭേദഗതികളും നൽകി. ഈ മൂന്നാമത്തെ അജൻറായിലെ ഐറ്റം അനുസരിച്ചു ഭരണഘടനയുടെ സാമാന്യതത്വത്തെപ്പറ്റി ഈ സഭയ്ക്കു ചർച്ചചെയ്യുവാനുള്ള അവസരം അങ്ങനെ ഇന്നു ലഭിക്കുമെന്ന് ഈ സഭയിലെ ബഹുമാനപ്പെട്ട മെംബറന്മാർ എല്ലാവരും ധരിച്ചിരുന്നു. എന്നാൽ അങ്ങനെ ധരിച്ചിരുന്നവരെയും മി. നീലകണ്ഠപ്പിള്ളയുടെ പ്രമേയത്തിന് ഭേദഗതികൾ അവതരിപ്പിച്ച എല്ലാ ബഹുമാനപ്പെട്ട മെംബറന്മാരെയും വിഷമിപ്പിച്ചുകൊണ്ട് മി. കെ. പി. നീലകണ്ഠപ്പിള്ള അദ്ദേഹത്തിന്റെ ആ പ്രമേയം ഇപ്പോൾ പിൻവലിച്ചിരിക്കുകയാണ്. ആ പ്രമേയം പിൻവലിച്ചിരുന്നാൽ തന്നെയും അജൻറായിൽ ജനറൽ പ്രിൻസിപ്പിലിനെപ്പറ്റി ചർച്ചചെയ്യുക എന്ന ഒരയിറ്റം കിടപ്പുണ്ട്. അങ്ങനെ ഒരു ചർച്ചനടത്തേണ്ടതു വളരെ അത്യാവശ്യമാണെന്നാണ് എന്റെ അഭിപ്രായം. അതു ഏറ്റവും ഗുണകരവുമാണ്. സഭയുടെ നടപടികളെ സംബന്ധിച്ചുള്ള രൂളുകളിൽ ഇങ്ങനെയുള്ള വേളകളിൽ ഒരു മോഷൻ കൊണ്ടുവരുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. T. Chacko]

ഇരുപതാമത്തെ ചട്ടം അനുസരിച്ചുള്ള അധികാരം ഉപയോഗിച്ചു വേണ്ട നോട്ടീസ് ആവശ്യമില്ലെന്നു പ്രസിഡൻറിനു വയ്ക്കാവുന്നതാണെന്നു കാണുന്നു. ൨൦-ാമത്തെ ചട്ടത്തിൽ പറയുന്നതു് ഇങ്ങനെയാണു്, "Unless other wise directed by the chairman, notice of every motion shall be given."

MR. JOSEPH MALIECKAL : Is the member aware that this agenda which speaks of general discussion of the principles of constitution and marked as the third item was announced several days ago before Mr. K. P. Nilacanta Pillai's motion was received and included in the agenda and therefore is my friend aware that this agenda is Independent of Mr. K. P. Nilacanta Pillai's motion?

MR. PRESIDENT : മി. ചാക്കോയ്ക്കു പറയാനുള്ളതു് എന്തെന്നു കേട്ടതിനുശേഷം ഇതേപ്പറ്റിയുള്ള എൻറെ റൂളിംഗ് നൽകുന്നതാണു് അജൻറയിൽ ജനറൽ പ്രിൻസിപ്പിലിനെപ്പറ്റിയുള്ള ചർച്ചനടത്തുക എന്ന വിഷയം കൊള്ളിച്ചിരുന്നു. ആ ഐറ്റം വന്നപ്പോൾ ആരെങ്കിലും അതേപ്പറ്റി സംസാരിച്ചിരുന്നുവെങ്കിൽ അപ്പോൾ തന്നെ അതു് അനുവദിക്കാമായിരുന്നു. എന്നാൽ ആ അവസരത്തിൽ മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ പ്രമേയം പിൻവലിക്കുകയും മി. പട്ടം താണുപിള്ള ഉപക്ഷേപം ഹാജരാക്കുകയുമാണുണ്ടായതു്.

MR. P. T. CHACKO : സർ, ഞാൻ പറഞ്ഞുകഴിഞ്ഞില്ല. ഒരു ചോദ്യം ചോദിക്കുന്നതു് കണ്ടപ്പോൾ ഇരുന്നുവെന്നേയുള്ളൂ.

MR. P. S. NATARAJA PILLAI : Sir, on a point of order. A motion has been formulated already and accepted nem con by the whole House on the subject now sought to be re-opened. Does it not follow then that the discussion of general principle and the rest of it is delegated to that committee.

MR. JOSEPH MALIECKAL : No, no.

MR. R. V. THOMAS : Certainly not.

MR. K. R. ELANKATHT : That is not so,

MR. R. V. THOMAS : Or other wise, എന്നാണു് പ്രമേയത്തിൽ പറയുന്നതു്. ഇക്കാര്യത്തെപ്പറ്റി ഡിസ്കസ് ചെയ്യാനും നമ്മുടെ ഭരണഘടന എങ്ങനെയായിരിക്കണമെന്നുള്ളതിനെപ്പറ്റി ഫാർമുലേറ്റ ചെയ്യാനുമുള്ള അവകാശം കമ്മറ്റിക്കു മാത്രമല്ലാ. അതു ഇവിടെയിരിക്കുന്ന ഓരോ അംഗത്തിനും അപ്രൈസറിക്കുമ്മറ്റിക്കും ചെയ്യാം. അതേപ്പറ്റിയുള്ള നിർദ്ദേശങ്ങൾ നൽകുവാൻ എല്ലാവർക്കും ബാദ്ധ്യസ്ഥതയുണ്ടു്. മി. പി. എസ്. നടരാജപിള്ള പറഞ്ഞിരിക്കുന്നതു പോലെ അതേപ്പറ്റി ഈ കമ്മറ്റിമാത്രം പറഞ്ഞാൽ മതി എന്നു വിചാരിക്കുന്നതു ശരിയല്ല.

LIBRARY ARCHIVES Kerala Legislative Assembly

MR. PRESIDENT : മി. ചാക്കോയ്ക്ക് പ്രസംഗം തുടരാം.

MR. P. T. CHACKO : ഞാൻ പറഞ്ഞതു് പ്രതിനിധിസഭാചട്ടം ൨൦-ാംവകുപ്പിൻപ്രകാരം അത്യാവശ്യമുള്ള കാര്യങ്ങൾക്ക് നോട്ടീസ് കൂടാതെതന്നെയും മോഷൻ അവതരിപ്പിക്കുവാനുള്ള അനുവാദം കൊടുക്കുവാൻ പ്രസിഡൻറിനു് അധികാരമുണ്ടെന്നാണു്. ആ അധികാരം ഇവിടെ ഉപയോഗിക്കുവാൻ ഒരു പ്രത്യേകപരിതസ്ഥിതി ഉണ്ടായിട്ടുണ്ടു്. നോട്ടീസിൽ കൊണ്ടുവന്നിരുന്ന ഉപക്ഷേപം പിൻവലിക്കുകയും, അതേസമയം അജൻറായിൽ ആ അയിറ്റം ഉൾക്കൊള്ളുകയും ചെയ്തിരിക്കുന്നു. അജൻറായിൽ ഉള്ള ആ അയിറ്റത്തെ സംബന്ധിച്ചു് ഈ സഭയ്ക്കു് ഇപ്പോൾ ചർച്ച ചെയ്യുവാനുള്ള അവസരമാണു്. എന്നാൽ അതിനുവേണ്ടി. കൊണ്ടുവന്നിട്ടുള്ള ഉപക്ഷേപം പിൻവലിച്ചിരിക്കുന്നു. ഈ ഘട്ടത്തിൽ നമ്മുടെ ഭരണഘടനയുടെ ജനറൽ പ്രിൻസിപ്പിലിനെപ്പറ്റി വാദപ്രതിവാദം ചെയ്യുന്നതിനു ഉപയുക്തമായ ഒരു ഉപക്ഷേപം ഇവിടെ അവതരിപ്പിക്കുന്നതിനു ഞാൻ പ്രസിഡൻറിൻെറ അനുവാദം ചോദിച്ചുകൊള്ളുന്നു. അങ്ങനെ പ്രമേയം ഇപ്പോൾ ഇവിടെ വായിക്കുകയും അതു സംബന്ധിച്ചു വാദപ്രതിവാദം നടത്തേണ്ടതു് ആവശ്യമാണെന്നു കാണുകയും ചെയ്യുന്നതുകൊണ്ടാണു് ഞാൻ ഇപ്രകാരം പ്രസിഡൻറിനോടു് അനുവാദം അഭ്യർത്ഥിച്ചതു്. ഒരു ഭേദഗതി എന്ന നിലയിൽ ഞാൻ പറയണമെന്നു വിചാരിക്കുന്ന കാര്യങ്ങൾക്കു നേരത്തെതന്നെ നോട്ടീസ് കൊടുത്തിട്ടുള്ളതുമാണു.

HONOURABLE MR. A. THANU PILLAI : ജനറൽ ഡിസ്കഷൻ എന്നു് അജൻറായിൽ ഉണ്ടെങ്കിലും അതു സംബന്ധിച്ചുള്ള ഡിസ്കഷൻ എന്തായിരിക്കണമെന്നു അറിയുന്നതിനും, ആ ഡിസ്കഷൻ ഫലവത്താകുന്നതിനും മുൻകൂട്ടി നോട്ടീസുണ്ടായിരുന്നാലേ സാധ്യമാകയുള്ളൂ. അതുകൊണ്ടു ഈ കാര്യം അതിപ്രധാനമായ ഒന്നായതിനാൽ നോട്ടീസ് ഇല്ലാതെ അതേപ്പറ്റി ചർച്ച നടത്തുന്നതു് വിഹിതമായിരിക്കയില്ലെന്നു് എനിക്കു തോന്നുന്നു. കമ്മറ്റി ഈ കാര്യം നല്ലവണ്ണം ആലോചിച്ചു ഒരു നാഷണൽഭരണഘടന തയാറാക്കുന്നതും അതു സംബന്ധിച്ചുള്ള ചർച്ചകളും ഈ സഭയിൽവച്ചു ഉണ്ടാകുന്നതുമാണു്. ആ ഘട്ടത്തിൽ ഇതേപ്പറ്റി വാദപ്രതിവാദം നടത്തുന്നതിനു വിഷമം ഉണ്ടാകയില്ലല്ലൊ.

MR. P. T. CHACKO : ഭേദഗതിയുടെ രൂപത്തിൽ ഞാൻ മുൻകൂട്ടി നോട്ടീസ് കൊടുത്തിട്ടുണ്ടല്ലൊ. അതുകൊണ്ടു ഈ സംഗതിയെപ്പറ്റി ബഹുമാനപ്പെട്ട മെംബറന്മാർ മുൻകൂട്ടി അറിഞ്ഞിട്ടുണ്ടു്. വാദപ്രതി

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. T. Chacko]

വാദങ്ങൾ ഫലവത്താകുന്നതിന മെമ്പറന്മാർക്ക എന്തെങ്കിലും മുൻകൂട്ടി യുള്ള നോട്ടീസ് ആവശ്യമുണ്ടെങ്കിൽ അതിന വേണ്ടുവോളം നോട്ടീസുകൾ ഇതു സംബന്ധിച്ച സഭയ്ക്ക ലഭിച്ചിട്ടുണ്ട്. മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ പ്രമേയംതന്നെ അജൻറായിൽ ഉൾപ്പെടുത്തിയിട്ടുണ്ടായിരുന്നു. ആ പ്രമേയത്തെപ്പറ്റി തങ്ങൾക്കുള്ള അഭിപ്രായം എന്താണെന്ന ഓരോ മെംബറന്മാരും ധരിപ്പിച്ചു കൊടുപ്പാണ ഇവിടെ വന്നിരിക്കുന്നത്. ആ പ്രമേയം പിൻവലിച്ചില്ലായിരുന്നെങ്കിൽ അതു സംബന്ധിച്ചുള്ള ചർച്ച ഇപ്പോൾ ഇവിടെ നടക്കുമായിരുന്നു. അതുകൊണ്ട് ഇക്കാര്യത്തിൽ പ്രസിഡൻറ് അനുവാദം തരണമെന്ന ഞാൻ അപേക്ഷിക്കുന്നു.

MR. G. RAMACHANDRAN (*Neyyattikara III—General*) : Sir, can we have a discussion on general principles without a formal motion being moved.

MR. PRESIDENT : ഭരണഘടനയുടെ ജനറൽ പ്രിൻസിപ്പിളിനെപ്പറ്റി കമ്മറിക്ക് നിർദ്ദേശങ്ങൾ കൊടുക്കുന്നതിലേക്കായി ചർച്ചക്ക് അനുവാദം അവശ്യപ്പെടുകയാണോ മി: ചാക്കോ ചെയ്തിരിക്കുന്നത്.

MR. G. RAMACHANDRAN : My question was can we have a discussion on general principle without moving a formal motion and making the House not binding to it? If so such discussion is premature.

MR. EAPEN ARAKKAL (*Ambalapuzha I—Latin Catholic*) : ഇന്ന് ഈ പ്രമേയം പിൻവലിക്കാതിരുന്നു എങ്കിൽ ഇതേപ്പറ്റി വാദപ്രതിവാദം ചെയ്യുന്നതിനുള്ള സൗകര്യം നിശ്ചയമായും മെമ്പറന്മാർക്കു കിട്ടുമായിരുന്നു. ആ പ്രമേയം പിൻവലിച്ചതുതന്നെ യാദൃശ്ചികമായിട്ടും മുൻകൂട്ടിയില്ലാതെയുമാണ്. ആ നിലയ്ക്ക് വളരെ പ്രാധാന്യമുള്ള ഈ വിഷയത്തെപ്പറ്റി കമ്മറിയിൽ ഏതു രൂപത്തിലാണ് ഇതേപ്പറ്റി ചർച്ചകൾ നടത്തേണ്ടതെന്നുള്ളതിനേപ്പറ്റിയും മറ്റും വേണ്ട നിർദ്ദേശങ്ങൾ നൽകുവാൻ പര്യാപ്തമായ ചർച്ചകൾ നടത്തുവാൻ ഇപ്പോൾ അനുവദിക്കുന്നതു പലതുകൊണ്ടും നന്നായിരിക്കുമെന്നാണ എനിക്ക തോന്നുന്നത്. ഇന്ന അതിനൊരവസരം നമുക്കുണ്ടായിരുന്നു. എന്നാൽ പ്രമേയം പിൻവലിച്ചതുകൊണ്ട് ആ സൗകര്യം നഷ്ടപ്പെടുകയാണ് ചെയ്തത്. പോരെങ്കിൽ പ്രസിഡൻറുതന്നെ പ്രസ്താവിച്ചതുപോലെ ഈ പ്രമേയം വരുന്നതിന മുൻപായി ജനറൽ പ്രിൻസിപ്പിളിനെക്കുറിച്ച് ചർച്ച നടത്തണം എന്ന വിഷയം അജൻറായിൽ

LIBRARY ARCHIVES Kerala Legislative Assembly

തരുന്ന കൊള്ളിച്ചിട്ടും ഉണ്ടായിരുന്നു. ആ നിലക്ക് ഇപ്പോൾ മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ പ്രമേയം ഇല്ലാതിരുന്നാൽ തന്നെയും ഈ കാര്യത്തെപ്പറ്റി ചർച്ച ചെയ്യുവാനുള്ള അവസരം ഈ സഭക്ക് കിട്ടുമായിരുന്നു എന്ന് വേണം വിചാരിക്കുവാൻ. ഏതായാലും ഇതേപ്പറ്റി ഒരു ചർച്ച നടത്തുവാനുള്ള അവസരം ബഹുമാനപ്പെട്ട മെംബറന്മാർക്ക് നൽകണമെന്ന് ഞാൻ അഭിപ്രായപ്പെട്ടുകൊള്ളുന്നു.

MR. ABDUL RAZAK : Is there anything to prevent the Honourable president from exercising the inherant power vested in him?

MR. PRESIDENT : രൂൾ ഇരുപതിൽ പറഞ്ഞിരിക്കുന്നത് ഇങ്ങനെയാണ്. "Unless other wise directed by the chairman notice of every motion...." ഈ വകുപ്പനുസരിച്ച് മുൻകൂട്ടിയുള്ള നോട്ടീസില്ലാതെ ഇങ്ങനെ ഉപക്ഷേപം സ്വീകരിക്കുന്നതിനുള്ള അധികാരം പ്രസിഡൻറിനുണ്ട്. എന്നാൽ ആ അധികാരം ഇപ്പോൾ ഉപയോഗിക്കണമോ വേണ്ടയോ എന്നാണ് ചിന്താവിഷയം.

സ്റ്റാൻറിംഗ് കമ്മറിയുടെ റിപ്പോർട്ട് രണ്ടു ദിവസത്തിന് മുൻപ് മെംബറന്മാർക്ക് വിതരണം ചെയ്തിട്ടുണ്ടെന്ന ഞാൻ അറിയുന്നു. അതിൽ അവസാനഭാഗത്തായി ഇപ്രകാരം പറഞ്ഞിരിക്കുന്നു.

"The President suggested that resolutions on the subject, in order to discuss the issues to be decided at the next meeting of the Representative Body, may be tabled by members as soon as the meeting was fixed."

ആ നിലക്ക് ഇതു സംബന്ധിച്ചുള്ള പ്രമേയങ്ങളും മെമ്പറന്മാർക്ക് അയക്കുവാൻ ധാരാളം സമയമുണ്ടായിരുന്നു. എന്നാൽ മി: കെ. പി. നീലകണ്ഠപ്പിള്ള മാത്രമേ പ്രമേയം അയച്ചുതന്നിട്ടുള്ളൂ. ഒരുപക്ഷേ നിയമപ്രകാരം മുന്നു ദിവസത്തിന് മുൻപ് പ്രമേയം അയച്ചു തരുവാൻ സാധിച്ചില്ലെങ്കിൽതന്നെയും ഒരു ദിവസത്തിന് മുൻപായിട്ടതന്നെ അയച്ചുതരാമായിരുന്നു. അങ്ങനെ അയച്ചു തന്നിരുന്നുവെങ്കിൽ പ്രസിഡൻറിൻറെ യുക്താധികാരം ഉപയോഗിച്ചെങ്കിലും അത് അനുവദിക്കാമായിരുന്നു. ഇവിടെ മി: കെ. പി. നീലകണ്ഠപ്പിള്ളയുടെ പ്രമേയം മാത്രമേ വന്നിട്ടുള്ളൂ. വേറെ പ്രമേയം ഒന്നും ഇല്ല. അങ്ങനെ പ്രമേയങ്ങളൊന്നും തന്നെ വരാത്തതുകൊണ്ട് ആ പ്രമേയത്തിനാസ്പദമായ പൊതു തത്വങ്ങളെപ്പറ്റി ഒരു വാദപ്രതിവാദം നടത്തുവാൻ അനുവദിക്കണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. ഇപ്പോൾഇവിടെ ഹാജറുണ്ടായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

[President]

ഏ. താണുപിള്ള അവതരിപ്പിച്ച ഉപക്ഷേപം പാസ്സായല്ലോ. അതിൽ പറഞ്ഞിരിക്കുന്നത് കമ്മിറ്റിക്കാർ ഒരു നക്കൽ ഭരണഘടന എഴുതി ഉണ്ടാക്കി ഈ സഭയിൽ കൊണ്ടുവരണമെന്നാണ്. അപ്പോൾ ഇതിനെപ്പറ്റി നല്ലവണ്ണം ചർച്ച ചെയ്യാവുന്നതാണ്. ഈ കാരണങ്ങളാൽ പ്രസിഡൻറിന്റെ പ്രത്യേകാധികാരം ഉപയോഗിച്ച് മി: ചാക്കോ ആവശ്യപ്പെട്ടതു ചർച്ചകൾ ഇപ്പോൾ അനുവദിക്കുവാൻ നിവൃത്തിയില്ല.

MR. P. S. MOHAMMED : മി. ചാക്കോയുടെ മോഷൻ അവതരിപ്പിക്കാൻ പാടില്ലെന്ന് അദ്ധ്യക്ഷൻ അവർകൾ പറയുകയുണ്ടായി. ഞാനും അതു സമ്മതിക്കുന്നു. എന്നാൽ 'ഡിസ്കഷൻ ആഫ് ദി ജനറൽ പ്രിൻസിപ്പിൾ' എന്നു അജൻറായിൽ വച്ചിട്ടുണ്ട്. നിയമസഭയിൽ ബഡ്ജറ്റു അവതരിപ്പിക്കുമ്പോൾ അതിനെപ്പറ്റി ജനറൽ ഡിസ്കഷൻ നടത്താറുണ്ട്. അതുപോലെ ഒരു മോഷൻ ക്രോഡീകരിക്കുന്നതിനു മുമ്പായി ഇവിടെയും ആ നടപടി സ്വീകരിച്ചുകൊണ്ട് ജനറൽ പ്രിൻസിപ്പിളിനെപ്പറ്റി ഒരു ഡിസ്കഷൻ നടത്താൻ അനുവദിക്കരുതോ?

MR. PRESIDENT : ഇവിടെ ജനറൽ ഡിസ്കഷൻ എന്നു പറഞ്ഞിരിക്കുന്നത് മെംബറന്മാർ അയയ്ക്കുന്ന പ്രമേയങ്ങളെ സംബന്ധിച്ചുള്ള ജനറൽ ഡിസ്കഷൻ എന്ന അർത്ഥത്തിലാണ്. അതുകൊണ്ട് ആ നടപടി ഇവിടെ സ്വീകരിക്കേണ്ടതില്ല.

MR. P. T. CHACKO: മി. കെ. പി. നീലകണ്ഠപ്പിള്ളയുടെ പ്രമേയം തള്ളിപ്പോയ നിലയ്ക്ക് അതിനെ സംബന്ധിച്ചായിട്ടുള്ള ഭേദഗതികളെല്ലാം തള്ളിപ്പോകുമെന്ന് അദ്ധ്യക്ഷൻ അവർകൾ പറയുകയുണ്ടായി ഞാൻ അയച്ച ഭേദഗതി ഒരു പ്രമേയമായിതന്നെ അംഗീകരിക്കുവാൻ അനുവാദം ആവശ്യപ്പെട്ടതു അതുകൊണ്ടാണ്.

MR. PRESIDENT : മി. ചാക്കോയുടെ ഭേദഗതി, ഇന്ന ലൈനിൽ ഇന്ന വാക്കു തള്ളിക്കളഞ്ഞു പകരം ഇന്ന വാക്കു ചേർക്കണം എന്നാണ്. പ്രമേയംതന്നെ തള്ളിയ നിലയ്ക്ക് ഈ ഭേദഗതികൾ പിന്നെ എങ്ങനെ അവതരിപ്പിക്കുവാൻ കഴിയും?

MR. P. T. CHACKO : പ്രമേയത്തിൽ കിടക്കുന്നതു "A Committee consisting of the following persons be constituted to prepare and submit with-in 3 months a draft of a constitution for the state on the lines of the general principles that may be adopted by the House from time to time." എന്നാണ്.

MR. PRESIDENT : ബാക്കി കൂടിയുണ്ട്. on the recommendations made by the committee or other wise എന്നുകൂടിയുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

MR. P. T. CHACKO : അതുകൂടിയുണ്ട്. അപ്പോൾ ആ കമ്മറിക്കും റെക്കമെന്റേഷൻ കൊണ്ടുവരാം. അല്ലാതെയും കൊണ്ടുവരാം. മി. കെ. പി. നീലകണ്ഠപ്പിള്ള അവതരിപ്പിച്ച പ്രമേയത്തെ സംബന്ധിച്ചു ഇവിടെ ഡിസ്കഷൻ നടക്കുമെന്നു് ഞാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ പ്രമേയം പിൻവലിക്കുകയാണുണ്ടായതു്. ആ കുഴപ്പംകൊണ്ടാണു ഇപ്പോൾ ഇങ്ങനെ ഒരനുവാദം ഞാൻ ആവശ്യപ്പെട്ടതു്. ഏതായാലും അതനുവദിക്കാതിരിക്കുന്ന നിലയ്ക്കു് അടുത്ത ഒരു ദിവസത്തേക്കെങ്കിലും ഒരണഘടന എന്തായിരിക്കണമെന്നുള്ളതിനെപ്പറ്റി അതിലേക്കു നിയമിതമായിട്ടുള്ള കമ്മറിക്കു് ഒരു നിർദ്ദേശം കൊടുക്കത്തക്കവിധത്തിൽ അതിന്റെ ജനറൽ പ്രിൻസിപ്പിലിനെപ്പറ്റി ചർച്ച ചെയ്യുന്നതിനുള്ള അവസരമെങ്കിലും ഈ സഭയ്ക്കുണ്ടാക്കി കൊടുക്കണമെന്നാണു് എനിക്കു പറയുവാനുള്ളതു്. അതിലേക്കുവേണ്ടി അടുത്തുതന്നെ സഭ കൂടിയാൽ കൊള്ളാം.

MR. PRESIDENT : കമ്മറിക്കാർ ഏതവസരത്തിൽ സഭയുടെ അഭിപ്രായം അറിയണമെന്നാഗ്രഹിക്കുന്നുവോ, അപ്പോഴെല്ലാം ഈ സഭയുടെ അഭിപ്രായം ആരായുന്നതായിരിക്കും. അതുകൊണ്ടു മി. ചാക്കോ പറയുന്ന ആവശ്യം കമ്മറിക്കാർതന്നെ നിറവേറ്റുന്നതാണു്.

ഈ സഭ ഇപ്പോൾ പിരിച്ചുവിടേണ്ടതായിട്ടാണിരിക്കുന്നതു്. ഒരു നിശ്ചിതകാലത്തേക്കു മാറ്റി വയ്ക്കേണ്ടിയുമിരിക്കുന്നു. മൂന്നു ദിവസത്തിൽ കൂടുതൽ മാറ്റിവയ്ക്കുന്നതിനു് സഭയുടെ അനുവാദം ആവശ്യമുണ്ടു്, അതുകൊണ്ടു് ഈ സഭ ഇനി എന്നു കൂടണം എന്നു നിശ്ചയിക്കുവാനുള്ള അധികാരം പ്രസിഡന്റിനുണ്ടായിരിക്കേണ്ടതാണു്. സഭ വീണ്ടും ഏതു തീയതി കൂടണമെന്നു് നിശ്ചയിക്കുന്നതിനും അനിശ്ചിതകാലത്തേക്കു് ഈ സഭ ഇപ്പോൾ മാറ്റിവയ്ക്കുന്നതിനും ഉള്ള അധികാരം പ്രസിഡന്റിനു് ഈ സഭ നൽകേണ്ടതാണു്. അപ്രകാരം പ്രസിഡന്റിനെ ഈ സഭ അധികാരപ്പെടുത്തുന്നതായി വിശ്വസിക്കുന്നു.

സഭ അനുവദിച്ചു.

സഭ അനിശ്ചിതകാലത്തേക്കു മാറ്റിവച്ചിരിക്കുന്നു.

സഭ ൧൨-൭൦-ൽ പിരിഞ്ഞു.

V. KRISHNAMOORTHI AIYAR.
Secretary to the Representative Body.

LIBRARY ARCHIVES Kerala Legislative Assembly